# വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ. ശ്രീമതി ഹരിത വി കുമാർ ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് -അങ്കണവാടിയിലെ പരിഷ്കരിച്ച മാതൃക ഭക്ഷണമെനു - ജില്ലാതല/ സെക്ടർ തല പരിശീലനം -മാർഗ്ഗ നിർദേശം - തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:

1. കേന്ദ്ര സർക്കാരിന്റെ 17/04/2025 ലെ PA/185/2024-CPMU(e115799) നമ്പർ കത്ത്
2. കേന്ദ്ര സർക്കാരിന്റെ 11/07/2025 ലെ PA/154/2025-CPMU(e127771) നമ്പർ കത്ത്
3. സ.ഉ(സാ.ധാ) 280/2025 WCDD തിയതി 13/06/2025
4. സ.ഉ(സാ.ധാ) 353/2025 WCDD തിയതി 26/07/2025.
5. 29.07.2025 ലെ DWCD/949/2025-ICDSB9 നമ്പർ ഉത്തരവ്

ഉത്തരവ് നം. DWCD/949/2025-ICDSB9 തീയതി: 14-08-2025

3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം ജനറൽ ഫീഡിങ് എന്നിങ്ങനെ അനുപൂരക പോഷകാഹാരം നൽകി വരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013. Supplementary Nutrition rules 2017 എന്നിവയിൽ നിഷ്കർഷിക്കുന്ന പോഷകമൂല്യം ഉറപ്പു വരുത്തിയാണ് പോഷകാഹാരം നൽകിവരുന്നത്. Mission Saksham Anganwadi and Poshan 2.0 പോഷക മാനദണ്ഡങ്ങൾ പ്രകാരം 6 മാസം മുതൽ 72 മാസം വരെയുള്ള കുട്ടികൾക്ക് 500 K കലോറിയും, 12-15 ഗ്രാം പ്രോട്ടീനും അനുപൂരക പോഷകാഹാര പദ്ധതിയിലൂടെ ഉറപ്പാക്കേണ്ടതുണ്ട്.

അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ ഉപയോഗിക്കാവുന്ന ഉപ്പ്, പഞ്ചസാര, കളർ, എണ്ണ എന്നിവ സംബന്ധിച്ച് പരാമർശം (1) (2) പ്രകാരം കേന്ദ്ര സർക്കാരിന്റെ അഡ്വൈസറി ലഭ്യമായിട്ടുണ്ട്. ആയതു പ്രകാരം അങ്കണവാടികളിലെ നിലവിലുള്ള ഭക്ഷണമെനു പരിഷ്കരിച്ച് മാതൃക ഭക്ഷണ മെനു തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് പരാമർശം (3) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. അങ്കണവാടി ഗുണഭോക്താക്കൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച് വരുന്ന ഫോർട്ടിഫൈഡ് അരി ഉൾപ്പെടുത്തികൊണ്ടുള്ള മാതൃക ഭക്ഷണ മെനു അങ്കണവാടികളിൽ പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിൽ ബന്ധപ്പെട്ട ജീവനക്കാർക്കും അങ്കണവാടി പ്രവർത്തകർക്കും പരിശീലനം നൽകുന്നതിന് പരാമർശം ( 4) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

അങ്കണവാടികളിലെ പരിഷ്കരിച്ച മാതൃക ഭക്ഷണ മെനു നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും ശിശുവികസന പദ്ധതി ഓഫീസർമാരും സൂപ്പർവൈസർമാരുമടങ്ങുന്ന 4 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 56 പേർക്ക് 3 ദിവസത്തെ സംസ്ഥാനതല മാസ്റ്റേഴ്സ് പരിശീലനം പരാമർശം (5) പ്രകാരം നൽകിയിട്ടുണ്ട്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ പരിശീലനം സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ നേതൃത്വം നൽകേണ്ടതാണ്. ഇതിനായി അതാതു ജില്ലകളിലെ കിച്ചൺ ലാബ് സൗകര്യമുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഹോം സയൻസ് ഡിപ്പാർട്ടുമെന്റുകൾ എന്നിവയെ ആശ്രയിക്കാവുന്നതാണ്. മാസ്റ്റേഴ്സ് പരിശീലനം ലഭ്യമായ ജീവനക്കാർ മുഖേന ജില്ലയിലെ ഓരോ പ്രോജക്ടിലേയും വിഷയത്തിൽ പ്രാവീണ്യവും ആശയവിനിമയ പ്രാഗത്ഭ്യവുമുള്ള ശിശുവികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർമാർ, ഒരു വർക്കർ , ഒരു ഹെൽപ്പർ എന്നിങ്ങനെ നാലു പേരടങ്ങുന്ന ഒരോ ടീമിനെ ഉൾപ്പെടുത്തി ലഭ്യമാകുന്ന ലാബിന്റെ

സൗകര്യം പ്രയോജനപ്പെടുത്തി പരമാവധി ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതാണ്.

## PROPOSED TIME TABLE

### Workshop on Revised Model SNP Menu & Dietary Practices to Combat Obesity & Non-Communicable Diseases

| Time | PROPOSED TIME TABLE |
|---|---|
| 09-09.30 | Registration & pre test<br>Objective of the training |
| 9.30-10.00 | New Advisory from GOI on use of added sugar , salt, oil etc its impact on Child Health |
| 10.00-10.30 | Food Safety Practices and Hygiene |
| 10.30-10.45 | REFRESHMENT |
| 10.45- 01.15 | Live preparation demo on Selected Menu ( Egg Biriyani , Egg Pulav &Vegetable Pulav ) from the revised SNP Menu Chart |
| 01.15-2..00 | Lunch Break |
| 2.00-3.30 | Live preparation demo on Selected Menu ( Nutri Laddu, Ilayata,Kozhukkatta ) from the revised SNP Menu Chart |
| 3.30-3.45 | Tea Break |
| 3.45-4.15 | Role of SBCC campaign in Sensitizing caregivers / Parents & community on the new directives - how to approach the same in an SBCC mode / developing locally acceptable SBCC mode of out reach. |
| 4.15 -4.30 | Doubt Clearance Exchange of ideas, Discussion ,valedictory |

ജില്ലാതല പരിശീലനത്തെ തുടർന്ന്, പ്രോഗ്രാം ആഫീസർമാർ, ജില്ലാ തല പരിശീലനം ലഭിക്കാത്ത ജില്ലയിലെ മറ്റ ശിശു വികസന പദ്ധതി ആഫീസർമാർ സൂപ്പർവൈസർമാർ, അങ്കണവാടി പ്രവർത്തകർ എന്നിവർക്കായി സെക്ടർ / സബ് സെക്ടർ തല പരിശീലനം സംഘടിപ്പിക്കുന്നതിന് ശിശു വികസന പദ്ധതി ആഫീസർമാരെ ചുമതലപ്പെടുത്തേണ്ടതാണ്. സെക്ടർ / സബ് സെക്ടർ തല പരിശീലനം, അങ്കണവാടികൾ കേന്ദ്രീകരിച്ച്, ജില്ലാതലത്തിൽ പരിശീലനം ലഭിച്ച സൂപ്പർവൈസർമാർ, അങ്കണവാടി പ്രവർത്തകർ എന്നിവർ മുഖേന പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി പച്ചക്കറി മുതലായവ വാങ്ങുന്നതിന് ഒരു പരിശീലനാർത്ഥിക്ക് പരമാവധി 10/- രൂപ നിരക്കിൽ വിനിയോഗിക്കാവുന്നതാണ്.

ജില്ലാ തല പരിശീലന പരിപാടികൾ ആഗസ്റ്റ് 20-ാം തീയതിക്കകവും സെക്ടർ / സബ് സെക്ടർ തല പരിശീലനങ്ങൾ ആഗസ്റ്റ് 30-ാം തീയതിക്കകവും പൂർത്തീകരിക്കേണ്ടതാണ്.

ജില്ലാ തല പരിശീലന പരിപാടികൾ നടത്തുന്നതിനായി ഒരു ജില്ലക്ക് 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ)

നിരക്കിൽ ആകെ 28,00,000/-രൂപയും (ഇരുപത്തിയെട്ട് ലക്ഷം രൂപ), സെക്ടർ/സബ് സെക്ടർ തല പരിശീലനങ്ങൾക്കായി 6,62,400/-(ആറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം ) രൂപയും ചേർത്ത് ആകെ. 34,62,400/-രൂപ( മുപ്പത്തിനാല് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം) ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | ജില്ലാ തല പരിശീലനങ്ങൾക്കുള്ള തുക | സെക്ടർ /സബ് സെക്ടർ തല പരിശീലനങ്ങൾക്കുള്ള തുക | | ആകെ |
|---|---|---|---|---|---|
| | | | അങ്കണവാടികളുടെ എണ്ണം | 10/- രൂപ നിരക്കിൽ അനുവദിക്കുന്ന തുക (CDPO) | |
| 1 | തിരുവനന്തപുരം | 2,00,000 | 3061 | 61220 | 2,61,220 |
| 2 | കൊല്ലം | 2,00,000 | 2723 | 54460 | 2,54,460 |
| 3 | പത്തനംതിട്ട | 2,00,000 | 1389 | 27780 | 2,27,780 |
| 4 | ആലപ്പുഴ | 2,00,000 | 2150 | 43000 | 2,43,000 |
| 5 | കോട്ടയം | 2,00,000 | 2050 | 41000 | 2,41,000 |
| 6 | ഇടുക്കി | 2,00,000 | 1561 | 31220 | 2,31,220 |
| 7 | എറണാംകുളം | 2,00,000 | 2858 | 57160 | 2,57,160 |
| 8 | തൃശ്ശൂർ | 2,00,000 | 3016 | 60320 | 2,60,320 |
| 9 | പാലക്കാട് | 2,00,000 | 2838 | 56760 | 2,56,760 |
| 10 | മലപ്പുറം | 2,00,000 | 3808 | 76160 | 2,76,160 |
| 11 | കോഴിക്കോട് | 2,00,000 | 2938 | 58760 | 2,58,760 |
| 12 | വയനാട് | 2,00,000 | 876 | 17520 | 2,17,520 |
| 13 | കണ്ണൂർ | 2,00,000 | 2504 | 50080 | 2,50,080 |
| 14 | കാസർഗോഡ് | 2,00,000 | 1348 | 26960 | 2,26,960 |
| | ***ആകെ*** | 28,00,000 | ***33120*** | 662400 | 34,62,400 |

ജില്ലാ തല പരിശീലനങ്ങൾക്കായി ഒരു ജില്ലക്ക് 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ ) വീതം ജില്ല വനിതാ ശിശു വികസന ഓഫീസർമാർ പ്രോഗ്രാം ഓഫീസർമാർക്കും, സെക്ടർ/സബ് സെക്ടർ തല പരിശീലനങ്ങൾക്ക് ഒരു പരിശീലനാർത്ഥിക്ക് 10/- രൂപ നിരക്കിൽ അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി ആകെ 6,62,400/-(ആറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി നാന്നൂറ് രൂപ മാത്രം ) രൂപ ശിശു വികസന പദ്ധതി ഓഫീസർമാർക്കും മേൽപ്പട്ടിക പ്രകാരം അനുവദിക്കേണ്ടതാണ്. ഈ ഇനത്തിൽ വരുന്ന ചെലവ് നടപ്പ സാമ്പത്തിക വർഷത്തെ 2235-02-001-89 (P) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

പരിശീലനങ്ങൾ പൂർത്തീകരിച്ച് ബില്ലുകൾ 7 ദിവസത്തിനകം ക്രമീകരിക്കേണ്ടതും ബാലൻസ് തുകയുള്ള പക്ഷം ആയത് സറണ്ടർ ചെയ്യേണ്ടതും ധന വിനിയോഗ സർട്ടിഫിക്കറ്റ് സെപ്റ്റംബർ 10 തീയതിക്കകം ജില്ല വനിതാ ശിശു വികസന ഓഫീസർമാർ, പ്രോഗ്രാം ആഫീസർമാരിൽ നിന്നും ശേഖരിച്ച് ഈ കാര്യാലയത്തിൽ

സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ

പകർപ്പ് :

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3 വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്